# കേരള സർവകലാശാല

നം.പി.ആർ.162/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) മേയ് 2019 (സപ്ലിമെന്ററി) സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് പ്രാക്ടിക്കൽ ജൂലൈ 29, 30 തീയതികളിൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തും ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊല്ലത്തും നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ജൂലൈയിൽ നടത്തിയ ആറാം സെമസ്റ്റർ, എട്ടാം സെമസ്റ്റർ ബി.കോം (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 30 ന് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം 2019 ജൂണിൽ നടത്തിയ ബി.എസ്.സി (സി.എസ്)/ബി.സി.എ (I, II, III years) സപ്ലിമെന്ററി ആനുവൽ സ്കീം, ന്യൂ സ്കീം (2013, 2014 അഡ്മിഷൻ) പ്രാക്ടിക്കൽ, പ്രോജക്ട് ആന്റ് വൈവ പരീക്ഷകൾ ആഗസ്റ്റ് 5, 6, 7 തീയതികളിൽ എസ്.ഡി.ഇ പാളയം സെന്ററിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## മെരിറ്റ് സ്കോളർഷിപ്പ്

2018 – 19 വർഷത്തെ യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സർവകലാശാലയുടെ വിവിധ ഡിപ്പാർട്ട്മെന്റുകളിലും അഫിലിയേറ്റഡ് കോളേജുകളിലും (ഓട്ടോണോമസ് കോളേജുകൾ ഒഴികെ) 2018 – 19 അദ്ധ്യയന വർഷം വിവിധ ബിരുദ/ബിരുദാനന്തരബിരുദ കോഴ്സുകൾക്കും (ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.എഡ്/എൽ.എൽ.ബി/ബി.ടെക്/എം.എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യു/എം.സി.ജെ/എം.ബി.എ/എം.എഡ്/എൽ.എൽ.എം/എം.എ – ജർമൻ/എം.എ – റഷ്യൻ/എം.ടെക്) പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കോളേജ്/ഡിപ്പാർട്ട്മെന്റ് മേധാവി വഴി നിശ്ചിത ഫോമിലുള്ള അപേക്ഷയും യോഗ്യതാ പരീക്ഷയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 31. വിശദവിവരങ്ങൾ (അപേക്ഷാ ഫോം, യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിനുളള നിയമാവലി) വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ എം.സി.എ സപ്ലിമെന്ററി (2011 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

2019 ജൂണിൽ നടത്തിയ എം.എ ഇസ്ലാമിക് ഹിസ്റ്ററി 2017 – 2019 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

2019 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്.സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ് (റെഗുലർ – 2016 അഡ്മിഷൻ, സപ്ലിമെന്ററി – 2015 & 2014 അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ.

2019 ഏപ്രിലിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾടൈം/പാർട്ട് ടൈം) മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) (2008 സ്കീം – അഡീഷണൽ/മേഴ്സി ചാൻസ്), ഒന്നാം സെമസ്റ്റർ എം.ടെക് (2003 സ്കീം – മേഴ്സിചാൻസ്) (സിവിൽ എഞ്ചിനീയറിംഗ്, ബയോടെക്നോളജി ആന്റ് ബയോകെമിക്കൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്) പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 9 വരെ അപേക്ഷിക്കാം.

## തീയതി നീട്ടി

സർവകലാശാലയുടെ കീഴിലുള്ള രാജാ രവി വർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിലേക്ക് മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ ആർട്ട് ഹിസ്റ്ററി എന്നീ കോഴ്സുകളിലേയ്ക്ക് 2019 – 20 വർഷത്തേയ്ക്ക് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 5 ലേക്ക് നീട്ടിയിരിക്കുന്നു. പ്രവേശന പരീക്ഷ ആഗസ്റ്റ് 12 ന് രാവിലെയും അഭിമുഖം അന്നേ ദിവസം ഉച്ചയ്ക്ക് ശേഷവും നടത്തുന്നതാണ്. പ്രസ്തുത കോഴ്സിലേയ്ക്ക് ആഗസ്റ്റ് 19 ന് ക്ലാസുകൾ ആരംഭിക്കുന്നതാണ്.

## മേഴ്സിചാൻസ്

വിദൂര വിദ്യാഭ്യാസം വഴി 2009 സ്കീമിൽ പഠിച്ചിരുന്ന എം.ബി.എ വിദ്യാർത്ഥികൾക്ക് ഒന്നും രണ്ടും സെമസ്റ്ററുകളിൽ മേഴ്സിചാൻസ് അനുവദിച്ചിരിക്കുന്നു.

## സ്പോട്ട് അഡ്മിഷൻ

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള (ഇ.സി, സി.എസ്, ഐ.ടി ബ്രാഞ്ചുകൾ) സ്പോട്ട് അഡ്മിഷൻ ജൂലൈ 29 ന് രാവിലെ 10 മണി മുതൽ കോളേജിൽ വെച്ച് നടത്തുന്നതാണ്.

തിരുവനന്തപുരം,
26-07-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)